# "തീരുമാനം, ദൈവഹിതപ്രകാരം"

രൂത്ത് 1:1

''ന്യായാധിപന്മാർ ന്യായപാലനം നടത്തിയ കാലത്തു ഒരിക്കൽ ദേശത്തു ക്ഷാമം ഉണ്ടായി; യെഹൂദയിലെ ബേത്ത്ലേഹെമിലുള്ള ഒരു ആൾ തന്റെ ഭാര്യയും രണ്ടു പുത്രന്മാരുമായി മോവാബ് ദേശത്ത് പരദേശിയായി പാർപ്പാൻ പോയി.''

വേദപുസ്തകത്തിലെ അതിമനോഹരമായ ''രൂത്തിന്റെ'' പുസ്തകത്തിലെ ഒരു വചനഭാഗം ആണല്ലോ ഇന്നത്തെ നമ്മുടെ കുറിവാക്യം. തീരുമാനങ്ങൾ ജീവിതത്തെ എത്രയേറെ സ്വാധീനിക്കുന്നുവെന്നും, അത് ദൈവഹിതപ്രകാരമുള്ളതാണെങ്കിലേ ജയം ഉണ്ടാകുകയുള്ളു എന്നും എലീമലെക്ക് എന്ന വ്യക്തിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു.

എലീമലെക്ക് ഇവിടുത്തെ ഗൃഹനാഥനാണ്. ആ നിലയിൽ തീരുമാനങ്ങൾ എടുക്കാനും നടപ്പിലാക്കാനും അവന് അധികാരമുണ്ട്. ഉത്തരവാദിത്വമുണ്ട്. കുടുംബസമേതം ഈ തീരുമാനം ചോദ്യം ചെയ്യാതെ അനുസരിക്കുകയും ചെയ്യുന്നു. അതേ ''മോവാബിലേക്ക്'' പോകുക എന്ന തീരുമാനം. വേദപുസ്തകം പഠിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാം മോവാബ്യർ ശപിക്കപ്പെട്ട ഒരു ജനത ആകുന്നു. മ്ലേച്ഛമായ ഒരു ഉത്ഭവമായിരുന്നു ഈ ജാതിയുടേത്. ഇവരുടെ 10–ാം തലമുറപോലും ദേശത്ത് ദൈവസന്നിധിയിൽ വരരുത് എന്നായിരുന്നു ദൈവീക കല്പന.

അപ്പത്തിന്റെ ഭവനമായ ബത്ലഹേമിൽ പാർത്തിരുന്ന ഏലീമലെക്കിന് ഈ യാഥാർത്ഥ്യങ്ങളൊക്കെ അറിയാമായിരുന്നു. എങ്കിലും സാഹചര്യങ്ങളുടെ സമ്മർദ്ദം അഥവാ പ്രതികൂലം അവനെ കീഴ്പ്പെടുത്തി. പരാജയപ്പെട്ടു. യാഥാർത്ഥ്യങ്ങൾ അറിഞ്ഞിട്ടും അത് ഉൾക്കൊള്ളാനും ദൈവത്തിന്റെ ബലമുള്ള കൈക്കീഴ് താണിരിപ്പാനുമുള്ള ആത്മികശക്തി അവന് നഷ്ടപ്പെട്ടു. എലിമലെക്ക് എന്ന പേരിന്റെ അർത്ഥം തന്നെ ''എന്റെ ദൈവം രാജാവാകുന്നു'' എന്നാണ്. ഭാര്യയായിരുന്ന നവോമിയുടെ നാമം ''സന്തോഷം''. അതി മഹത്തായ അർത്ഥങ്ങളുള്ള പേരുകൾ വഹിക്കുന്ന രണ്ട് വ്യക്തികൾ തീരുമാനം എടുത്തപ്പോൾ രാജാവാകുന്ന ദൈവത്തോട് ആലോചന ചോദിക്കാൻ മറന്നു. കുടുംബത്തിൽ ദുരന്തങ്ങൾ കടന്നുവന്നു.

അബ്രഹാമിന്റെ ജീവിതയാത്രയിലും ഒരു ക്ഷാമം നേരിട്ടു. വാഗ്ദത്തദേശത്തേക്ക് ഇറക്കിക്കൊണ്ടുവന്ന ദൈവത്തിന്റെ ആലോചനയ്ക്കു മുമ്പിൽ അബ്രഹാമും പരാജയപ്പെട്ടു. ക്ഷാമം അവനെ മിസ്രയീമിലേക്ക് കൂട്ടിക്കൊണ്ടുപോയി. നമുക്കറിയാം ഹാഗാറിനെ ലഭിക്കുന്നത് മിസ്രയീമിൽ നിന്നാണല്ലോ. പിന്നീട് സ്വന്തപുത്രനെ ഉപേക്ഷിക്കേണ്ടതുൾപ്പെടെ പല മനോവേദനകൾക്കും അത് ഇടയാക്കി.

പ്രിയ ദൈവമക്കളേ, നാം മിക്കവാറും ചില അവകാശവാദങ്ങൾ വെച്ചു പുലർത്തുന്നവരാണ്. അതേ, ക്രിസ്ത്യാനികളാണ്, വിശ്വാസികളാണ്, കർത്താവിനെ അറിഞ്ഞവരാണ് എന്നിങ്ങനെ ആ നീണ്ട നിര പോകുന്നു. ഇതു നല്ലതുതന്നെ. എന്നാൽ ക്രിസ്തീയ സാക്ഷ്യം, നമ്മുടെ ജീവിതശൈലിയിലും, കാഴ്ചപ്പാടിലും, ബന്ധങ്ങളിലും പ്രതിഫലിപ്പിക്കാൻ കഴിയുന്നുണ്ടോ? ‘‘എന്റെ ദൈവം രാജാവാകുന്നു.’’ എന്ന പേര് തീരുമാനങ്ങളിൽ പ്രതിഫലിച്ചു കണ്ടില്ല. അതേ ‘‘യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു.’’ എന്നാണല്ലോ തിരുവചനം.

ബേത്‌ലഹേമിലും ഒരു ക്ഷാമം ഉണ്ടായി. ഇത് യാഥാർത്ഥ്യമാണ്. പാലും, തേനും ഒഴുകുന്ന അനുഭവങ്ങളുടെ മദ്ധ്യത്തിൽ ഒരു ക്ഷാമം വരാം, ദുരന്തം വരാം, തകർച്ച വരാം. തീരുമാനങ്ങൾ എടുക്കാൻ കഴിവുള്ളവരായിട്ടാണ് ദൈവം നമ്മെ സൃഷ്ടിച്ച് ഭൂമിയിലാക്കിയിരുന്നത്. അത് ദൈവാലോചനയോടുകൂടിയതും അവന്റെ പൂർണ്ണഹിതത്തിനനുസരിച്ച് ഉള്ളതായിരിക്കാൻ നാം മറക്കരുത്. ശ്രേഷ്ഠമായ പദവിയാണ് ദൈവമക്കൾക്ക് അവൻ തന്നിരിക്കുന്നത്. അത് കർത്താവിന്റെ കരുണ. ‘‘നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി, തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു’’.

തീരുമാനമെടുക്കാനുള്ള ബുദ്ധിശക്തി, ചിന്താശക്തി, ഭാവനാ ശക്തി, വിവേചനാശക്തി കൊണ്ട് അവൻ നമ്മെ അനുഗ്രഹിച്ചിരിക്കുകയാണ്. സാഹചര്യങ്ങളുടെ സമ്മർദ്ദം ഏലീമലേക്കിനെപ്പോലെ തീരുമാനങ്ങളിൽ പരാജയപ്പെടാൻ ഇടയാക്കരുത്. തൽക്കാല ക്ഷാമത്തിൽനിന്ന് രക്ഷപ്പെടാൻ ദൈവം അരുതെന്ന് പറഞ്ഞിരിക്കുന്ന യാതൊന്നിനോടും ഇടപെടാൻ ഇടയാകാതിരിക്കട്ടെ. അല്ലെങ്കിൽ വലിയ ദുരന്തങ്ങൽക്കും തകർച്ചകൾക്കും അവ ഇടയാക്കും. മാത്രമല്ല തിരിച്ചുവരവിന് ചിലപ്പോൾ വലിയ വില കൊടുക്കേണ്ടതായി വരുമെന്ന് ഈ വ്യക്തിയുടെ ജീവിതം നമ്മെ പഠിപ്പിക്കുന്നു. രാജാധിരാജാവാകുന്ന ദൈവത്തിന്റെ ആലോചനയും നടത്തിപ്പും ഏതവസ്ഥയിലും (അനുകൂലത്തിലും, പ്രതികൂലത്തിലും) നിത്യം നമ്മെ നയിക്കുമാറാകട്ടെ..

പരാമർശം :
ദാനീയേൽ 3:17, 18

‘‘ഞങ്ങൾ സേവിക്കുന്ന ദൈവത്തിന്നു ഞങ്ങളെ വിടുവിപ്പാൻ കഴിയുമെങ്കിൽ, അവൻ ഞങ്ങളെ എരിയുന്ന തീച്ചൂളയിൽനിന്നും രാജാവിന്റെ കയ്യിൽനിന്നും വിടുവിക്കും. അല്ലെങ്കിലും ഞങ്ങൾ രാജാവിന്റെ ദേവന്മാരെ സേവിക്കയില്ല. രാജാവു നിർത്തിയ സ്വർണ്ണബിംബത്തെ നമസ്കരിക്കയുമില്ല എന്നു അറിഞ്ഞാലും എന്നു ഉത്തരം പറഞ്ഞു.’’

സിസ്റ്റർ ബിന്ദു റെജി അയ്മനം 015